**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 39** **28-06-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ബോർഡിന്റെ ബജറ്റിലെ കണക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്റഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി ബോർഡ് വൈദ്യുതി നിരക്ക് വർദ്ധനവിനായി റഗുലേറ്ററി കമ്മീഷന് സമർപ്പിച്ച കണക്കിലും ബോർഡിന്റെ ബജറ്റിലും പൊരുത്തക്കേടുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷനു മുമ്പിൽ സമർപ്പിച്ച 2022-23 മുതൽ 2026-27 വരെയുള്ള മൾട്ടി ഇയർ താരിഫ് എസ്റ്റിമേറ്റ് (എ.ആർ.ആർ) കണക്കും ബോർഡിന്റെ 2022-23 ബഡ്ജറ്റ് എസ്റ്റിമേറ്റ് കണക്കും തമ്മിൽ വ്യത്യാസം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 496 കോടി രൂപ ലാഭം സൂചിപ്പിക്കുന്നുണ്ട്. എന്നാൽ എ.ആർ.ആർ പ്രകാരമുള്ള റവന്യൂ ഗ്യാപ്പ് 2852 കോടി രൂപയാണ്. വ്യത്യസ്ത ആവശ്യങ്ങൾക്കായി വ്യത്യസ്ത നിയമങ്ങളും വ്യത്യസ്ത മാനദണ്ഡങ്ങളും അനുസരിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളാണ് ബജറ്റും എ.ആർ.ആറും. അതിനാൽ ഈ രേഖകളിൽ അടിസ്ഥാനപരമായ വ്യത്യാസം ഉണ്ടാകും. മുൻവർഷങ്ങളിലും വ്യത്യസ്ത ഉദ്ദേശ്യങ്ങൾക്കായുള്ള എസ്റ്റിമേറ്റുകളിൽ ഇതേപോലുള്ള അന്തരമുണ്ടായിരുന്നു. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ടി രേഖകൾ തമ്മിലുള്ള വ്യത്യാസം **അനുബന്ധം - I ആയി** ചേർത്തിട്ടുണ്ട്.<br><br>ഈ രണ്ടു രേഖകളും വരും വർഷങ്ങളിലേക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി എസ്റ്റിമേറ്റ് ചെയ്യപ്പെടുന്ന കണക്കുകളാണ്. എന്നാൽ കെ.എസ്.ഇ.ബി യുടെ ലാഭനഷ്ട കണക്കുകൾ തയാറാക്കുന്നത് ഇന്ത്യൻ കമ്പനി നിയമമനുസരിച്ചുള്ള യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെയും കംട്രോളർ ആൻഡ് |

| | | | |
|---|---|---|---|
| | | | ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെയും ആഡിറ്റിന് വിധേയമായാണ്. 2020-21 സാമ്പത്തിക വർഷം വരെയുള്ള ഇപ്രകാരം ആഡിറ്റ് ചെയ്ത കണക്കുകൾ കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം മുതൽ കേന്ദ്ര നിർദ്ദേശപ്രകാരം കമ്പനി ത്രൈമാസ കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ദ്രുത പരിശോധനയ്ക്ക് വിധേയമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്രകാരം ഡിസംബർ വരെയുള്ള ആദ്യ മൂന്നു പാദങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം കമ്പനി 480.99 കോടി രൂപ ലാഭമുണ്ടാക്കിയിട്ടുണ്ട്. അവസാന പാദ കണക്കെടുപ്പ് പൂർത്തിയാവുന്ന മുറയ്ക്ക് ആഡിറ്റിന് വിധേയമാക്കി കെ.എസ്.ഇ.ബി. കണക്കുകൾ പ്രസിദ്ധീകരിക്കുന്നതാണ്. ബഡ്ജറ്റും എ.ആർ.ആറിലെയും വ്യത്യാസത്തിന്റെ പ്രധാന കാരണങ്ങൾ **അനുബന്ധം - II ആയി** ചേർത്തിട്ടുണ്ട്. |
| (ബി) | നിരക്കുകൾ വർദ്ധിപ്പിക്കാതെ വരുമാനം പെരുപ്പിച്ചു കാട്ടി 2022-23 വർഷം 496 കോടി രൂപ ലാഭം ഉണ്ടാക്കുമെന്ന് ബജറ്റിൽ സൂചിപ്പിച്ചിരുന്നോ; | (ബി) | വൈദ്യുതി ബോർഡ് റെഗുലേറ്ററി കമ്മീഷനു മുമ്പിൽ സമർപ്പിച്ച 2022-23 മുതൽ 2026-27 വരെയുള്ള മൾട്ടി ഇയർ താരിഫ് എസ്റ്റിമേറ്റ് (എ.ആർ.ആർ) കണക്കും ബോർഡിന്റെ 2022-23 ബഡ്ജറ്റ് എസ്റ്റിമേറ്റ് കണക്കും തമ്മിൽ വ്യത്യാസം ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 496 കോടി രൂപ ലാഭം സൂചിപ്പിക്കുന്നുണ്ട്. എന്നാൽ എ.ആർ.ആർ പ്രകാരമുള്ള റവന്യൂ ഗ്യാപ്പ് 2852 കോടി രൂപയാണ്. വ്യത്യസ്ത ആവശ്യങ്ങൾക്കായി വ്യത്യസ്ത നിയമങ്ങളും വ്യത്യസ്ത മാനദണ്ഡങ്ങളും അനുസരിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളാണ് ബജറ്റും എ.ആർ.ആറും. അതിനാൽ ഈ രേഖകളിൽ അടിസ്ഥാനപരമായ വ്യത്യാസം ഉണ്ടാകും. മുൻവർഷങ്ങളിലും വ്യത്യസ്ത ഉദ്ദേശ്യങ്ങൾക്കായുള്ള എസ്റ്റിമേറ്റുകളിൽ ഇതേപോലുള്ള അന്തരമുണ്ടായിരുന്നു. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ടി രേഖകൾ തമ്മിലുള്ള വ്യത്യാസം **അനുബന്ധം - I ആയി** ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ രണ്ടു രേഖകളും വരും വർഷങ്ങളിലേക്ക് വ്യത്യസ്ത ആവശ്യങ്ങൾക്കായി എസ്റ്റിമേറ്റ് ചെയ്യപ്പെടുന്ന കണക്കുകളാണ്. എന്നാൽ കെ.എസ്.ഇ.ബി യുടെ ലാഭനഷ്ട കണക്കുകൾ തയാറാക്കുന്നത് ഇന്ത്യൻ കമ്പനി നിയമമനുസരിച്ചുള്ള യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് ചാർട്ടേർഡ് അക്കൗണ്ടന്റുമാരുടെയും കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെയും ആഡിറ്റിന് വിധേയമായാണ്. 2020-21 സാമ്പത്തിക വർഷം വരെയുള്ള ഇപ്രകാരം ആഡിറ്റ് ചെയ്ത കണക്കുകൾ കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം മുതൽ കേന്ദ്ര നിർദ്ദേശപ്രകാരം കമ്പനി ത്രൈമാസ കണക്കുകൾ ചാർട്ടേർഡ് അക്കൗണ്ടന്റിന്റെ ദ്രുത പരിശോധനയ്ക്ക് വിധേയമായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്രകാരം ഡിസംബർ വരെയുള്ള ആദ്യ മൂന്നു പാദങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം കമ്പനി 480.99 കോടി രൂപ ലാഭമുണ്ടാക്കിയിട്ടുണ്ട്. അവസാന പാദ കണക്കെടുപ്പ് പൂർത്തിയാവുന്ന മുറയ്ക്ക് ആഡിറ്റിന് വിധേയമാക്കി കെ.എസ്.ഇ.ബി. കണക്കുകൾ പ്രസിദ്ധീകരിക്കുന്നതാണ്. ബഡ്ജറ്റും എ.ആർ.ആറിലെയും വ്യത്യാസത്തിന്റെ പ്രധാന കാരണങ്ങൾ **അനുബന്ധം - II ആയി** ചേർത്തിട്ടുണ്ട്. |
| (സി) | വരുമാനം പെരുപ്പിച്ച് കാണിച്ചതായി പറയപ്പെടുന്ന സാഹചര്യം സർക്കാർ പരിശോധിച്ചിരുന്നോ; വിശദാംശം നൽകുമോ? | (സി) | പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

(തുക കോടി രൂപയിൽ)

| വർഷം | ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിച്ച നഷ്ടം | എ. ആർ. ആർ. പ്രകാരമുള്ള റവന്യൂ ഗ്യാപ് |
|---|---|---|
| 2018-19 | 2739.98 | 1100.70 |
| 2019-20 | 909.02 | 1399.05 |
| 2020-21 | 216.86 | 2065.28 |
| 2021-22 | 332.3120 | 2518.92 |
| 2022-23 | ലാഭം 496.20 | 2852.52 |

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

| ക്രമ നമ്പർ | ബഡ്ജറ്റ് | എ.ആർ.ആർ |
|---|---|---|
| 1 | ബോർഡു പ്രസിദ്ധീകരിച്ച ബജറ്റ് മാനുവൽ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ | കെ.എസ്.ഇ.ആർ.സി തയ്യാറാക്കിയ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾ |
| 2 | മുൻകാല അനുഭവത്തെ അടിസ്ഥാന മാക്കിയുള്ള എസ്റ്റിമേറ്റുകൾ | കെ.എസ്.ഇ.ആർ.സി നിഷ്കർഷിച്ച ചെലവിനുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലുള്ള എസ്റ്റിമേറ്റ് |
| 3 | ജീവനക്കാരുടെ ചെലവ് യഥാർത്ഥ അടിസ്ഥാനത്തിൽ പരിഗണിക്കുന്നു | എംപ്ലോയീ ചെലവ്, റെഗുലേറ്ററി കമ്മീഷൻ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നതിനാൽ 5000 ത്തോളം ജീവനക്കാരുടെ ചെലവ് പൂർണ്ണമായി പ്രതിഫലിക്കുന്നില്ല. |
| 4 | അഡ്മിനിസ്ട്രേറ്റീവ് ചെലവ്, മൂല്യത്തകർച്ച, അറ്റകുറ്റപ്പണിയിനത്തിലുള്ള ചെലവുകൾ എന്നിവ നിലവിലെ കണക്കുകൾ, മുൻകാല പ്രവണതകൾ, അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി വിലയിരുത്തുന്നു. | റെഗുലേറ്ററി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റീവ് കോസ്റ്റ്, വിലയിടിവ്, അറ്റകുറ്റപ്പണികൾ, അറ്റകുറ്റപ്പണി നിരക്കുകൾ എന്നിവ വിലയിരുത്തുന്നു. |
| 5 | ധനകാര്യച്ചെലവ്, ഓവർ ഡ്രാഫ്റ്റുകൾ, പ്രവർത്തന മൂലധന വായ്പകൾ, ദീർഘകാല വായ്പകൾ എന്നിവയുടെ പലിശ ചെലവ് വായ്പാ പോർട്ട് ഫോളിയോയെയും മുൻകാല പ്രവണതകളെയും അടിസ്ഥാനമാക്കി വിലയിരുത്തുന്നു. | റെഗുലേറ്ററി മാനദണ്ഡങ്ങൾ അനുസരിച്ച് ഫണ്ടുകളുടെ വഹനച്ചെലവിനെ അടിസ്ഥാന മാക്കിയാണ് ധനകാര്യ ചെലവുകൾ വിലയിരുത്തുന്നത്. |
| 6 | റിട്ടേൺ ഓൺ ഇക്വിറ്റി പരിഗണിക്കുന്നില്ല. | റിട്ടേൺ ഓൺ ഇക്വിറ്റി പരിഗണിക്കുന്നു |
| 7 | റെഗുലേറ്ററി ഗ്യാപ്പ് പരിഗണിക്കുന്നില്ല. | റെഗുലേറ്ററി ഗ്യാപ്പ് പരിഗണിക്കുന്നു. |
| 8 | കഴിഞ്ഞ കാല പ്രവണതകളെ അടിസ്ഥാനമാക്കിയാണ് വൈദ്യുതി വിൽപ്പന കണക്കാക്കുന്നത്. | സാങ്കേതിക വിശദാംശങ്ങളുടേയും റെഗുലേറ്ററി മാനദണ്ഡങ്ങളുടേയും അടിസ്ഥാനത്തിലാണ് വൈദ്യുതി വിൽപ്പനയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. |
| 9 | ബോണ്ടുകളുടെ തിരിച്ചടവിനുള്ള ഫണ്ട് ആവശ്യകത പരിഗണിക്കുന്നില്ല. | ബോണ്ടുകളുടെ തിരിച്ചടവിനുള്ള ഫണ്ട് ആവശ്യകത പരിഗണിക്കുന്നു |
| 10 | മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനത്തിനാവശ്യമായ അധിക തുക സംബന്ധിച്ച വിവരം ഉൾക്കൊള്ളിക്കുന്നില്ല. | മാസ്റ്റർ ട്രസ്റ്റിന്റെ പ്രവർത്തനത്തിനാവശ്യമായ അധിക തുക സംബന്ധിച്ച വിവരം ഉൾക്കൊള്ളിക്കുന്നു. |

സെക്ഷൻ ഓഫീസർ